**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1650** **19-01-2021 - ൽ മറുപടിയ്ക്ക്**

**സേവാഗ്രാം ഗ്രാമകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് മെംബർമാർക്ക് 'സേവാഗ്രാം ഗ്രാമകേന്ദ്രം' എന്ന പേരിൽ വാർഡടിസ്ഥാനത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ " സേവാഗ്രാം ഗ്രാമ കേന്ദ്രം" എന്ന പേരിൽ വാർഡടിസ്ഥാനത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിന് 25.06.2014 തീയതിയിലെ സ.ഉ(കൈ) നം. 112/2014/ തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതിന് വേണ്ടി ഗ്രാമപഞ്ചായത്തിന് ഫണ്ട് നീക്കിവെക്കാൻ പറ്റുമോ; എങ്കിൽ എത്രയൊക്കെ, ഏതെല്ലാം കാര്യങ്ങൾക്ക് തുടങ്ങിയ വിവരങ്ങൾ അറിയിക്കാമോ; | (ബി) | ഗ്രാമ കേന്ദ്രത്തിന്റെ വാടക, സ്റ്റേഷനറി ചെലവ്, യോഗ നടത്തിപ്പ് ചെലവ് എന്നിവയ്ക്കായി പ്രതിവർഷം ഒരു വാർഡിന് പരമാവധി 50,000/- രൂപ വരെ വികസന- തനത് ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്. |
| (സി) | പ്രസ്തുത കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് ലഭിക്കേണ്ട ഏതെങ്കിലും സേവനം നേരിട്ട് നൽകാൻ പറ്റുമോ; വിശദീകരിക്കാമോ; | (സി) | ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവിധ അപേക്ഷകൾ വിതരണം ചെയ്യുന്നതിനും, സ്വീകരിക്കുന്നതിനും, വാർഡുതല യോഗങ്ങൾ ചേരുന്നതിനും, വിവിധ ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനും ഗ്രാമകേന്ദ്രങ്ങൾ ഉപയോഗിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുമോ; വിശദമാക്കാമോ? | (ഡി) | സ.ഉ(കൈ)നം.112/2014/തസ്വഭവ തീയതി 25.06.2014 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ ഗ്രാമസഭാ കൺവീനറെ ആവശ്യാനുസരണം സഹായിക്കുന്നതിന് ഗ്രാമപഞ്ചായത്തിലോ, ഘടക സ്ഥാപനത്തിലോ ജോലി ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനെ ഭരണ സമിതി നിശ്ചയിക്കേണ്ടതും സെക്രട്ടറി ഇതനുസരിച്ച് ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ